ഹർത്താൽ ദിനത്തിൽ കെ.എസ്.ആർ.ടി.സി ബസ് ആക്രമിച്ച കേസിൽ രണ്ടു പേർ അറസ്റ്റിൽ. മാറമ്പിള്ളി കൈപ്പൂരിക്കര പാറക്കൽ വീട്ടിൽ ഷഫീഖ് (35), മാറമ്പിള്ളി ചേലാപ്ര വീട്ടിൽ മുഹമ്മദ് മുഹ്സിൻ എന്നിവരെയാണ് ആലുവ പോലീസ് അറസ്റ്റ് ചെയ്തത്. ചാലക്കൽ പകലോമറ്റത്ത് വച്ചാണ് ബസിനു നേരെ ആക്രമണമുണ്ടായത്.